മംഗളം

30 August 2019

# കെ.വി.കെ. ഫാം ഷോപ്പിയിൽ ഇനി ഇടുക്കി ഉരുളക്കിഴങ്ങും

കൊച്ചി: ഇടുക്കിയിലെ മൂന്നാർ, വട്ടവട, മറയൂർ തുടങ്ങിയ സ്ഥലങ്ങളിൽ സ്വയം സഹായക കർഷക സംഘങ്ങൾ ജൈവരീതിയിൽ കൃഷി ചെയ്യുന്ന ഗുണനിലവാരമുള്ള ഉരുളക്കിഴങ്ങ് കൊച്ചി നഗരവാസികൾക്കിടയിൽ ജനകീയമാക്കുകയാണ് സി.എം.എഫ്.ആർ.ഐയുടെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെ.വി.കെ). കെ.വി.കെയുടെ ഫാം ഷോപ്പിയിൽ ഇടുക്കി പൊട്ടറ്റോയ്ക്ക് ആവശ്യക്കാരേറെയാണ്. ഉരുളക്കിഴങ്ങ് മാത്രമല്ല, നാടൻ വിത്തുകളുപയോഗിച്ച് ഇടുക്കിയിൽ തന്നെ ജൈവകൃഷി ചെയ്യുന്ന ഗുണമേന്മയേറിയ വെളുത്തുള്ളിയും ഫാം ഷോപ്പിയിൽ ലഭ്യമാണ്. ഇടുക്കി കൃഷി വിജ്ഞാന കേന്ദ്രം, കൃഷിവകുപ്പ് എന്നിവരുടെ മേൽനോട്ടത്തിലാണ് ഇടുക്കിയിലെ കർഷകസംഘങ്ങൾ ജൈവകൃഷി നടത്തുന്നത്.



● സി.എം.എഫ്.ആർ.ഐ.–കെ.വി.കെയുടെ ഫാം ഷോപ്പിയിൽ ലഭ്യമാകുന്ന ഇടുക്കിയിലെ ജൈവകർഷക സംഘങ്ങൾ ഉൽപാദിപ്പിച്ച ഉരുളക്കിഴങ്ങ്.

റെഡി ടു കുക്ക് രൂപത്തിൽ, കഴുകി അരിഞ്ഞ് പാക്ക് ചെയ്ത വിവിധയിനം പച്ചക്കറികളാണ് ഫാം ഷോപ്പിയിലെ മറ്റൊരു പ്രധാന ആകർഷണം. എറണാകുളം ജില്ലയിലെ കർഷക സംഘങ്ങൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ മേൽനോട്ടത്തിൽ ജൈവകൃഷിയിലൂടെ ഉൽപാദിപ്പിച്ച മായംകലരാത്ത പച്ചക്കറികളാണ് വിളവെടുത്ത ഉടൻതന്നെ മുറിച്ച് പായ്ക്കറ്റുകളിലാക്കി ഫാം ഷോപ്പിയിലെത്തുന്നത്. മുപ്പതോളം പച്ചക്കറി പാക്കറ്റുകൾ ഫാം ഷോപ്പിയിൽനിന്നു വാങ്ങാം. ഫോൺ 8281757450

## വാങ്ങാം മായമില്ലാത്ത മീൻ

മത്സ്യത്തൊഴിലാളികൾ പിടിച്ച മത്സ്യങ്ങൾ അവരുടെ വീടുകളിൽതന്നെ വൃത്തിയാക്കി പാക്ക് ചെയ്ത മായം കലരാത്ത മീനും ഫാം ഷോപ്പിയിലുണ്ട്. കടലിൽ നിന്നും കായലിൽ നിന്നും പിടിച്ച മീനുകൾ മത്സ്യത്തൊഴിലാളികളുടെതന്നെ ബ്രാൻഡിൽ ഫുഡ് സേഫ്റ്റി മുദ്രയോടെയാണ് കെവികെ വിപണനം നടത്തുന്നത്. മത്തി, അയല, ചെമ്മീൻ, കരിമീൻ, കൂരി, കൊഴുവ, കരിമീൻ തുടങ്ങിയ ചെറു മീനുകളാണ് കൂടുതലും. നിത്യേന വീടുകളിൽ ഉപയോഗിക്കുന്ന മറ്റനേകം ഉൽപ്പന്നങ്ങളും ഫാം ഷോപ്പിയിൽ ലഭിക്കും. നാടൻ കോഴി, കരിങ്കോഴി, താറാവ് എന്നിവയുടെ മുട്ട, വെളിച്ചെണ്ണ, തേൻ, പൊക്കാളി പുട്ട് പൊടി, പൊക്കാളി അരി, ഉണക്കമീൻ, ഉണക്കചെമ്മീൻ, നെയ്യ്, മറയൂർ ശർക്കര തുടങ്ങി അനേകം ഉൽപ്പന്നങ്ങൾ ഫാം ഷോപ്പിയിൽനിന്നു വാങ്ങാം.